മാവൂർ ടൂറിസ്റ്റ് കേന്ദ്രം

1550. [2318] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മാവൂർ ഹെഡ്വർക്സിനോടനുബന്ധിച്ച് ഒരു ടൂറിസ്റ്റ് കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ ?

ഉത്തരം

ഇല്ല.

"സ്കൂൾ ഹെൽത്ത് പ്രോഗ്രാം അനുസരിച്ച് നിയമിച്ച ഡോക്ടർമാരുടെ സേവനം"

1551. [2319] ശ്രീ. കെ. ടി. കണാരൻ :
,, കെ. പി. പ്രഭാകരൻ :
,, കെ. ആർ. ചന്ദ്രമോഹൻ :
,, വി. കെ. രാജൻ :
ഡോക്ടർ എ. സുബ്ബറാവു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികളുടെ ആരോഗ്യപരിപാലനത്തിനുവേണ്ടിയുള്ള സ്കൂൾ ഹെൽത്ത് പ്രോഗ്രാം അനുസരിച്ച് ഇതുവരെ എത്ര ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട് ;

(ബി) എത്ര വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു ;

(സി) സ്ക്കൂൾ ഹെൽത്ത് പ്രോഗ്രാമിനുവേണ്ടി നിയമിച്ചിട്ടുള്ള ഡോക്ടർമാരുടെ സേവനം വിദ്യാർത്ഥികൾക്ക് ലഭിക്കുന്നില്ലെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) 173.
(ബി) 27.80 ലക്ഷം വിദ്യാർത്ഥികൾക്ക്
(സി) നാളിതുവരെ ഒരു പരാതിയും ലഭിച്ചിട്ടില്ല.
(ഡി) ചോദ്യം ഉദിക്കുന്നില്ല.

കുമ്പളത്ത് ആയുർവേദ ഡിസ്പെൻസറിയുടെ കെട്ടിടം

1552. [2320] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുമ്പളം പഞ്ചായത്തിൽ കുമ്പളത്ത് പ്രവർത്തിക്കുന്ന ആയുർവേദ ഡിസ്പെൻസറിയുടെ കെട്ടിടം ഇടിഞ്ഞു പൊളിഞ്ഞുകിടക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഡിസ്പെൻസറിക്ക് ഒരു പുതിയ കെട്ടിടം പണിയാൻ നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ എന്നത്തേക്ക് പുതിയ കെട്ടിടം പണിയാൻ കഴിയും ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) സ്വന്തമായി സ്ഥലം ലഭ്യമായതിനുശേഷം പുതിയ കെട്ടിടംപണിയുന്ന കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly